**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - വകുപ്പിലെ സീനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ശ്രീ.അനിൽ ഷിബു ജി-യുടെ ഭാര്യ ശ്രീമതി.അപർണ്ണ റ്റി.സി-ക്ക് **3,23,674/-** (മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അറുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**59/2025/POWER** തീയതി,തിരുവനന്തപുരം, **22-03-2025**

---

പരാമർശം:-
1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ **15.03.2023, 23.12.2024, 19.02.2025** തീയതികളിലെ സി.ഇ.ഐ./**3475/2023**-എ2 നമ്പർ കത്തുകൾ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **12.11.2024** തീയതിയിലെ എം.ആർ**1/25937/2024**/ആ.വ.ഡ. നമ്പർ കത്ത്.
3. സ.ഉ.(അ) നം. **100/2024**/ധന. തീയതി: **22.11.2024.**

**<u>ഉത്തരവ്</u>**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ സീനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ശ്രീ.അനിൽ ഷിബു റ്റി-യുടെ ആസ്റ്റർ മെഡിസിറ്റിയിൽ **06.10.2022** മുതൽ **09.12.2022** വരെ ചികിത്സക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് ടിയാന്റെ ഭാര്യ ശ്രീമതി.അപർണ ടി.സി. സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ സീനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ശ്രീ.അനിൽ ഷിബു ജി-യുടെ ഭാര്യ ശ്രീമതി അപർണ്ണ.റ്റി.സി, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം-ന്റെ അപേക്ഷ പ്രകാരം ടിയാളുടെ ഭർ ത്താവിന് **06.10.2022** മുതൽ **09.12.2022** വരെ ആസ്റ്റർ മെഡിസിറ്റി

ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ **4,04,593/-**രൂപയുടെ **80** ശതമാനമായ **3,23,674/-** രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അറുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) പരാമർശം **3)**ലെ ഉത്തരവ് പ്രകാരം പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**3.** തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക കൈപ്പറ്റിയതായി കാണുന്നപക്ഷം അപേക്ഷക പ്രസ്തുത തുക തിരിച്ച് അടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീമതി.അപർണ റ്റി.സി., ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ,

എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 22-03-2025 14:12:14

സെക്ഷൻ ഓഫീസർ